MEDIA CONSULTANTS

# BUSINESS STANDARD

**HLL Lifecare, engg institute tie up**

Date: **22-02-2013 |** Edition: **All Kerala |** Page No: **7 |** Clip size (cm) - W: **5.5** H: **6**

## HLL Lifecare, engg institute tie up

HLL Lifecare has tied up with Mohandas College of Engineering and Technology (MCET), Thiruvananthapuram, for R&D and higher education projects. HLL Lifecare chairman and managing director M Ayyappan signed an MoU with MCET director Ashalatha Thampuran for the establishment of an institute industry interaction cell. HLL will give MCET students the opportunity to undergo industrial training at its facilities and participate in active R&D projects. The tie-up allows for use of MCET's laboratories and test facilities on a preferential basis and at concessional rate by HLL, and vice versa. HLL's experts will support the engineering college in its academic and training programmes and provide advice in formulating curriculum and syllabus,

# MATHRUBHUMI

**HLL Lifecare ties up with Mohandas engineering college for R&D projects**

Date: **22-02-2013** | Edition: **Tvm** | Page No: **2** | Clip size (cm) - W: **4** H: **12**

## എച്ച്.എൽ.എല്ലും മോഹൻദാസ് എൻജിനീയറിങ് കോളേജും കൈകോർക്കുന്നു

**തിരുവനന്തപുരം:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡും മോഹൻദാസ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയും വിദ്യാഭ്യാസ ഗവേഷണ മേഖലയിൽ കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ രൂപവത്കരിച്ചു. വിദ്യാഭ്യാസ-ഗവേഷണ രംഗങ്ങളിൽ പരസ്പരം സഹകരിക്കാനും പരിപോഷിപ്പിക്കാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ കൂട്ടായ്മയുടെ പ്രധാന ലക്ഷ്യം. ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ എച്ച്.എൽ.എല്ലിനുവേണ്ടി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം. അയ്യപ്പനും എം.സി.ടി.ക്കുവേണ്ടി ഡയറക്ടർ ഡോ. ആശാലത തമ്പുരാനും ഒപ്പുവച്ചു. എച്ച്.എൽ.എൽ. ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ. കെ.ആർ.എസ്. കൃഷ്ണൻ, എം.സി.ഇ.ടി. ചെയർമാൻ ജി. മോഹൻദാസ്, ഡയറക്ടർ റാണി മോഹൻദാസ് എന്നിവർ പങ്കെടുത്തു.

MEDIA CONSULTANTS

**DESHABHIMANI**

**HLL Lifecare ties up with Mohandas engineering college for R&D projects**

Date: **22-02-2013 |** Edition: **All Kerala |** Page No: **4 |** Clip size (cm) - W: **12** H: **6**

---

# എച്ച്എൽഎല്ലും മോഹൻദാസ് എൻജിനിയറിങ് കോളേജും കൈകോർക്കുന്നു

തിരു: പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡും മോഹൻദാസ് കോളേജ് ഓഫ് എൻജിനിയറിങ് ആൻഡ് ടെക്നോളജിയും വിദ്യാഭ്യാസ ഗവേഷണമേഖലയിൽ കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ രൂപീകരിച്ചു. വിദ്യാഭ്യാസ-ഗവേഷണ രംഗങ്ങളിൽ പരസ്പരം സഹകരിക്കാനും പരിപോഷിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ കൂട്ടായ്മയുടെ പ്രാധാനലക്ഷ്യം.

എംസിടിയിലെ വിദ്യാർഥികൾക്ക് വ്യാവസായിക പരിശീലനത്തിനും പ്രോജക്ടുകൾ ചെയ്യുന്നതിനുമുള്ള സൗകര്യം, ഇരു സ്ഥാപനങ്ങളിലെയും ജീവനക്കാർക്കിടയിൽ വിദ്യാഭ്യാസപരവും ഗവേഷണപരവുമായ ചർച്ചകൾക്കുള്ള അവസരം, എച്ച്എൽഎല്ലിന്റെ ഗവേഷണങ്ങളിലും ഉൽപ്പന്ന വികസന ശ്രമങ്ങളിലും കൂടിയാലോചനകളിലൂടെയും അക്കാദമിക ഗവേഷണത്തിലൂടെയുമുള്ള സഹകരണം തുടങ്ങിയവയും ഉറപ്പാക്കുമെന്ന് എച്ച്എൽഎൽ സിഎംഡി ഡോ. എം അയ്യപ്പൻ പറഞ്ഞു. കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സാധാരണ ജനങ്ങൾക്ക് താങ്ങാവുന്ന വിധത്തിൽ ഉൽപ്പന്നങ്ങളും സേവനങ്ങളും രൂപപ്പെടുത്തുക എന്നതാണ് എച്ച്എൽഎല്ലിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

MEDIA CONSULTANTS

**MADHYAMAM**

**HLL Lifecare ties up with Mohandas engineering college for R&D projects**

Date: **22-02-2013** | Edition: **Tvm** | Page No: **14** | Clip size (cm) - W: **4** H: **10.5**

# എച്ച്.എൽ.എൽ ധാരണാപത്രം ഒപ്പുവെച്ചു

തിരുവനന്തപുരം: കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ്കെയർ ലിമിറ്റഡും മോഹൻദാസ് കോളജ് ഓഫ് എൻജിനീയറിങ് ആൻറ് ടെക്നോളജിയും വിദ്യാഭ്യാസ ഗവേഷണ മേഖലയിൽ ഒന്നിക്കുന്നു. കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സാധാരണ ജനങ്ങൾക്ക് താങ്ങാവുന്ന വിധത്തിൽ ഉൽപന്നങ്ങളും സേവനങ്ങളും രൂപപ്പെടുത്തുക എന്നത് എച്ച്.എൽ.എല്ലിൻെറ ലക്ഷ്യമാണെന്ന് സി.എം.ഡി പറഞ്ഞു. എച്ച്.എൽ.എല്ലിനു വേണ്ടി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം. അയ്യപ്പൻ, എം.സി.ഇ.ടിക്കുവേണ്ടി ഡയറക്ടർ ഡോ. ആശാലത തമ്പുരാൻ എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. എച്ച്.എൽ.എൽ ടെക്നിക്കൽ ആൻഡ് ഓപറേഷൻസ് ഡയറക്ടർ ഡോ. കെ.ആർ.എസ്. കൃഷ്ണൻ, എം.സി.ഇ.ടി ചെയർമാൻ ജി. മോഹൻദാസ്, ഡയറക്ടർ റാണി മോഹൻദാസ് എന്നിവർ സന്നിഹിതരായിരുന്നു.

MD NICHE
MEDIA CONSULTANTS

## VEEKSHANAM

### HLL Lifecare ties up with Mohandas engineering college for R&D projects

Date: **22-02-2013** | Edition: **Tvm** | Page No: **3** | Clip size (cm) - W: **12** H: **15**

# എച്ച്.എൽ.എല്ലും മോഹൻദാസ് എൻജിനീയറിംഗ് കോളജും വിദ്യാഭ്യാസ-ഗവേഷണമേഖലകളിൽ കൈകോർക്കുന്നു

തിരുവനന്തപുരം: കേന്ദ്ര പൊതുമേഖലയിലുള്ള എച്ച്.എൽ.എൽ ലൈഫ്കെയർ ലിമിറ്റഡും മോഹൻദാസ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയും കൈകോർത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ രൂപീകരിച്ചു. ഇതുസംബന്ധിച്ച ധാരണാ പത്രത്തിൽ എച്ച്.എൽ.എല്ലിനുവേണ്ടി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം.അയ്യപ്പനും എം.സി.ഇ.ടിക്കുവേണ്ടി ഡയറക്ടർ ഡോ. ആശാലത തമ്പുരാനും ഒപ്പുവച്ചു. എച്ച്.എൽ.എൽ ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ.കെ.ആർ.എസ്.കൃഷ്ണൻ, എം.സി.ഇ.ടി ചെയർമാൻ ജി.മോഹൻദാസ്, ഡയറക്ടർ ശ്രീമതി റാണി മോഹൻദാസ് എന്നിവർ സന്നിഹിതരായിരുന്നു.




*എച്ച്.എൽ.എൽ ലൈഫ്കെയർ ലിമിറ്റഡും മോഹൻദാസ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയും ഇൻസ്റ്റിറ്റ്യൂട്ട്-ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ രൂപീകരിക്കുന്നതിനുള്ള ധാരണാപത്രം എച്ച്.എൽ.എല്ലിനുവേണ്ടി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം.അയ്യപ്പനും എം.സി.ഇ.ടിക്കുവേണ്ടി ഡയറക്ടർ ഡോ. ആശാലത തമ്പുരാനും കൈമാറുന്നു. എച്ച്.എൽ.എൽ ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ.കെ.ആർ.എസ്.കൃഷ്ണൻ, എം.സി.ഇ.ടി ചെയർമാൻ ജി.മോഹൻദാസ്, ഡയറക്ടർ ശ്രീമതി റാണി മോഹൻദാസ് എന്നിവർ സമീപം.*

എച്ച് എൽ എല്ലിന്റെ ഗവേഷണ ഉൽപ്പന്നവികസന ഉദ്യമങ്ങളിൽ അക്കാദമിക് ഗവേഷണത്തിനും കൺസൾട്ടൻസിക്കും കൂടുതൽ പ്രാധാന്യം നൽകുന്നതിന് നടപടികളെടുത്തുവരികയാണെന്ന് എച്ച് എൽ എൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ എം അയ്യപ്പൻ പറഞ്ഞു.

ഇരുസ്ഥാപനങ്ങളിലേയും ജീവനക്കാർക്കിടയിൽ വിദ്യാഭ്യാസപരവും ഗവേഷണപരവുമായ ചർച്ചകൾക്കുള്ള അവസരം, എച്ച്.എൽ.എല്ലിന്റെ ഗവേഷണങ്ങളിലും ഉൽപന്ന വികസനശ്രമങ്ങളിലും കൂടിയാലോചനകളിലൂടെയും അക്കാദമിക ഗവേഷണത്തിലൂടെയുമുള്ള സഹകരണം തുടങ്ങിയവയും ധാരണാപത്രത്തിലുണ്ട്. ഇരുകൂട്ടർക്കും ഗുണകരമാകും വിധം അറിവ് വർധിപ്പിക്കുന്നതിനായി ആശയങ്ങളും വിവരങ്ങളും കൈമാറാനും ധാരണാപത്രം ലക്ഷ്യമിടുന്നുണ്ട്. രണ്ടുകൂട്ടരുടേയും ലാബുകളും മറ്റും ഔദ്യോഗികാവശ്യങ്ങൾക്ക് നിരക്കിൽ ഇളവുകളോടെ ഇരുകൂട്ടർക്കും ഉപയോഗിക്കാനാകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എം.സി.ഇ.ടിയിലെ വിദ്യാഭ്യാസ പരിശീലന പരിപാടികളിൽ എച്ച്.എൽ.എല്ലിന്റെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാനും ഇവരുടെ സഹായത്തോടെ വിവിധ കോഴ്സുകളുടെ സിലബസും കരിക്കുലവും തയ്യാറാക്കാനും ധാരണാപത്രം വ്യവസ്ഥചെയ്യുന്നു. അതോടൊപ്പം ഗവേഷണ, ഉപദേശകമേഖലകളിൽ സംയുക്തമായി പ്രവർത്തിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**JANAYUGOM**

**HLL Lifecare ties up with Mohandas engineering college for R&D projects**

Date: **22-02-2013** | Edition: **Tvm** | Page No: **2** | Clip size (cm) - W: **8** H: **4.5**

# എച്ച് എൽ എല്ലും മോഹൻദാസ് എൻജിനീയറിംഗ് കോളജും കൈകോർക്കുന്നു

തിരുവനന്തപുരം: കേന്ദ്ര പൊതുമേഖലയിലുള്ള എച്ച് എൽ എൽ ലൈഫ്കെയർ ലിമിറ്റഡും മോഹൻദാസ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയും കൈകോർത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ രൂപീകരിച്ചു. ഇതുസംബന്ധിച്ച ധാരണാ പത്രത്തിൽ എച്ച് എൽ എല്ലിനുവേണ്ടി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം അയ്യപ്പനും എം സി ഇ ടിക്കുവേണ്ടി ഡയറക്ടർ ഡോ. ആശാലത തമ്പുരാനും ഒപ്പുവച്ചു. എച്ച് എൽ എൽ ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ. കെ ആർ എസ് കൃഷ്ണൻ, എം.സി.ഇ.ടി ചെയർമാൻ ജി മോഹൻദാസ്, ഡയറക്ടർ റാണി മോഹൻദാസ് എന്നിവർ സന്നിഹിതരായിരുന്നു.

**SIRAJ**

**HLL Lifecare ties up with Mohandas engineering college for R&D projects**

Date: **22-02-2013** | Edition: **Tvm** | Page No: **3** | Clip size (cm) - W: **8** H: **6**

---

## എച്ച് എൽ എല്ലും മോഹൻദാസ് കോളജും ഗവേഷണ മേഖലകളിൽ കൈകോർക്കുന്നു

തിരുവനന്തപുരം: കേന്ദ്ര പൊതുമേഖല സ്ഥാപനമായ എച്ച് എൽ എൽ ലൈഫ്കെയർ ലിമിറ്റഡും മോഹൻദാസ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയും കൈകോർത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ രൂപവത്കരിച്ചു. ഇതുസംബന്ധിച്ച ധാരണാ പത്രത്തിൽ എച്ച് എൽ എല്ലിനുവേണ്ടി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം അയ്യപ്പനും എം സി ഇ ടിക്കുവേണ്ടി ഡയറക്ടർ ഡോ. ആശാലത തമ്പുരാനും ഒപ്പുവച്ചു. എച്ച് എൽ എൽ ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ. കെ ആർ എസ് കൃഷ്ണൻ, എം സി ഇ ടി ചെയർമാൻ ജി മോഹൻദാസ്, ഡയറക്ടർ റാണി മോഹൻദാസ് എന്നിവർ സന്നിഹിതരായിരുന്നു. എച്ച് എൽ എല്ലിന്റെ ഗവേഷണ ഉൽപ്പന്നവികസന ഉദ്യമങ്ങളിൽ അക്കാദമിക് ഗവേഷണത്തിനും കൺസൾട്ടൻസിക്കും കൂടുതൽ പ്രാധാന്യം നൽകുന്നതിന് നടപടികളെടുത്തു വരികയാണെന്ന് എച്ച് എൽ എൽ ചെയർമാൻ ഡോ. എം അയ്യപ്പൻ പറഞ്ഞു.